DARUL HUDA ISLAMIC UNIVERSITY

MIN/CMT/221123/OAA

Date: 22/11/2022

# അക്കാദമിക് കൗൺസിൽ യോഗ റിപ്പോർട്ട്

2022-23 അക്കാദമിക വർഷത്തിലെ ആദ്യ അക്കാദമിക് കൗൺസിൽ യോഗം 02-10-2022 ഞായറാഴ്ച ഉച്ചക്ക് 2.00 മണിക്ക് ദാറുൽഹുദാ മീറ്റിംഗ് ഹാളിൽ വെച്ച് ചേർന്നു.

ദാറുൽഹുദാ വൈസ് ചാൻസലർ ബഹു. ഉസ്താദ് ബഹാഉദ്ദീൻ നദ്‌വി അധ്യക്ഷത വഹിച്ചു. പൊതു വിദ്യാഭ്യാസ രംഗത്തെ മൂല്യത്തകർച്ച ദാറുൽഹുദാ സംവിധാനത്തിലേക്ക് കയറാതെ സൂക്ഷിക്കണമെന്ന് അദ്ദേഹം ഉണർത്തി. രജിസ്ട്രാർ ഡോ. റഫീഖ് ഹുദവി കരിമ്പനക്കൽ ചർച്ച നിയന്ത്രിച്ചു.

പങ്കെടുത്തവർ

1. പ്രൊഫ. ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി
2. യു. ശാഫി ഹാജി ചെമ്മാട്
3. ഡോ. യു.വി.കെ മുഹമ്മദ്
4. ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ
5. ഡോ. റഫീഖ് ഹുദവി കരിമ്പനക്കൽ
6. പി.കെ അബ്ദുന്നാസിർ ഹുദവി കൈപ്പുറം
7. ഡോ. ബശീർ പനങ്ങാങ്ങര
8. ഡോ. ഫൈസൽ ഹുദവി മാരിയാട്
9. ഡോ. ജഅ്ഫർ ഹുദവി കൊളത്തൂർ
10. ഡോ. ശാഫി ഹുദവി വെളിമുക്ക്
11. ഡോ. സുഹൈൽ ഹിദായ ഹുദവി ചെമ്മാട്
12. പി. അബ്ദുർറശീദ് ഹുദവി ഏലംകുളം
13. എ.പി മുസ്ഥഫ ഹുദവി അരൂർ
14. സി.ടി റഊസ് ഹുദവി വാഴക്കാട്
15. പി. ശമീറലി ഹുദവി പള്ളത്ത് മണ്ണാർക്കാട്
16. ഇ.കെ സിറാജുദ്ദീൻ ഹുദവി മേൽമുറി
17. ഡോ. കെ.ടി അബ്ദുൽഗഫൂർ ഹുദവി പൊന്മള
18. നൗഫൽ ഹുദവി തിരുവള്ളൂർ
19. ഉനൈസ് ഹുദവി ചെമ്മാട്

## 1. മുൻ യോഗ റിപ്പോർട്ട് അവലോകനം

21-11-2021 ന് ചേർന്ന അക്കാദമിക് കൗൺസിൽ യോഗ റിപ്പോർട്ട് രജിസ്ട്രാർ അവതരിപ്പിച്ചു. ഡിഗ്രി പ്രൊമോഷൻ സെമസ്റ്റർ അടിസ്ഥാനത്തിലാക്കണമെന്ന നിർദേശം സാങ്കേതിക പ്രയാസങ്ങൾ ഉള്ളതിനാൽ നടപ്പാക്കിയിട്ടില്ലെന്നും, ക്രമേണ നടപ്പാക്കുന്നതാണെന്നും ഡിഗ്രി ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ ഡ്രാഫ്റ്റ് പൂർണമായി തയ്യാറാവാത്തതിനാൽ നടപ്പുവർഷം പ്രാബല്യത്തിൽവരുത്തിയില്ലെന്ന്തിനാൽ ഇതുവരെ പ്രയോഗവത്കരിച്ചില്ലെന്ന് രജിസ്ട്രാർ അറിയിച്ചു. മറ്റു പ്രാധാന അജണ്ടകളെല്ലാം നടപ്പിലായതായി യോഗത്തെ അറിയിച്ചു.

## 2. ബോർഡ് ഓഫ് സ്റ്റഡീസ് യോഗ നിർദേശങ്ങൾ

വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ബോർഡ് ഓഫ് സ്റ്റഡീസ് യോഗങ്ങളുടെ റിപ്പോർട്ട് കുല്ലിയ്യ ഡീനുമാർ അവതരിപ്പിച്ചു.

**2.1 കുല്ലിയ്യ ഓഫ് ഖുർആൻ ആന്റ് സുന്ന**

2.1.1 ഖിറാഅത്ത് നന്നാക്കാനായി സ്ഥിരം ഹാസിബിനെ നിശ്ചയിക്കുക.

2.1.2 പ്രധാനപ്പെട്ട സൂറത്തുകൾ എല്ലാം ഉൾപെടുന്ന തരത്തിൽ തഫ്സീർ സിലബസ് പരിഷ്കരിക്കുക.

2.1.3 സ്പെഷ്യലൈസേഷൻ വിഷയങ്ങൾക്ക് സി.സി.ഇ മാർക്ക് വർധിപ്പിക്കുക.

2.1.4 ഹദീസ് ഗ്രന്ഥങ്ങൾ അടിസ്ഥാനപ്പെടുത്തി വർക്ഷോപ്പുകൾ സംഘടിപ്പിക്കുക.

2.1.5 പ്രധാന ഹദീസ് കിതാബുകളുടെ ദാറുൽഹുദാ സിലബസിലുള്ള ഭാഗങ്ങൾ മാത്രം ഉൾകൊള്ളുന്ന ഗ്രന്ഥങ്ങൾ തയ്യാറാക്കുക.

ദാറുൽഹുദാ സംവിധാനത്തിലെ ഖിറാഅത്ത്-ഹിസ്ബ് ഇൻസ്പെക്ഷൻ ഉത്തരവാദിത്വം നൽകി ഒരു ഉദ്യോഗസ്ഥനെ യൂണിവേഴ്സിറ്റി കാമ്പസിൽ നിശ്ചയിക്കാനും ആവശ്യമെങ്കിൽ വരും വർഷങ്ങളിൽ കൂടുതൽ ആളുകളെ നിശ്ചയിക്കാമെന്നും തീരുമാനിച്ചു.

**2.2 കുല്ലിയ്യ ഓഫ് ശരീഅ**

2.2.1 അധ്യാപകർക്ക് ഫിഖ്ഹ് വിഷയാടിസ്ഥാനത്തിൽ പഠിപ്പിക്കുന്നതിനാവശ്യമായ ഓറിയന്റേഷനുകളും ക്ലാസുകളും നൽകുക.

2.2.2 വനിതാ കോളേജിലെ ഫിഖ്ഹിന് ആവശ്യമായ ഭാഗങ്ങൾ കൂടുതൽ ചർച്ചകൾക്ക് ശേഷം തീരുമാനിക്കുക.

**2.3 കുല്ലിയ്യ ഓഫ് ഉസ്വൂലുദ്ദീൻ**

2.3.1 അഖീദയിലെ കാലികമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതരത്തിൽ ഒരു കോഴ്സ് തയ്യാറാക്കുക. കോഴ്സ് ചെയ്യുന്നവർ മാത്രമേ ദാറുൽഹുദാ സംവിധാനത്തിൽ അഖീദ വിഷയങ്ങൾ പഠിപ്പിക്കാവൂ എന്ന് നിബന്ധന വക്കുക.

2.3.2 ശർഹുൽഅഖാഇദ് പോലുള്ള ക്ലാസിക്കൽ ഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നവർക്ക് സോഴ്സ് ബുക്ക്-ഹാൻഡ് ബുക്ക് തയ്യാറാക്കി നൽകുകയും ആധുനിക അധ്യാപന രീതികൾ ഉപയോഗിച്ച് പഠിപ്പിക്കാനുതകുന്ന രീതിയിൽ സബ്ജക്ട് ഓറിയന്റേഷൻ നൽകുകയും ചെയ്യുക. ഇത്തരം പ്രോഗ്രാമുകളിൽ പങ്കെടുക്കൽ നിർബന്ധമാക്കുക.

2.3.3 ശർഹുൽഅഖാഇദിന് സമകാലിക വിശ്വാസപരമായ ചർച്ചകൾ അടിസ്ഥാനപ്പെടുത്തി വിശദീകരണം തയ്യാറാക്കുക.

2.3.4 പഴയ കിതാബുകൾ തഹ്‌ലീലിയ്യ-നസ്സിയ്യ എന്നിങ്ങനെ രണ്ട് തരത്തിലുള്ള പേപ്പറുകൾ പഠിപ്പിക്കുക.

**2.4 കുല്ലിയ്യ ഓഫ് സോഷ്യൽ സയൻസസ്**

2.4.1 റിസേർച്ച് ബൂസ്റ്റിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക. ഇതിനായി വിവിധ സ്ഥാപനങ്ങൾക്ക് ഏരിയകൾ നിശ്ചയിച്ചുനൽകുക.

2.4.2 ഡിപ്പാർട്ട്മെന്റ് ജേണൽ പുറത്തിറക്കുക.

2.4.3 ഡിഗ്രി കോഴ്സ് കാലയളവിൽ വിദ്യാർഥികൾക്ക് ലഭിച്ചിരിക്കേണ്ടതും അറിഞ്ഞിരിക്കേണ്ടതും വായിച്ചിരിക്കേണ്ടതുമായ കാര്യങ്ങൾ ഉൾകൊള്ളുന്ന ഡിപ്പാർട്ട്മെന്റ് ടൂൾ കിറ്റ് തയ്യാറാക്കുക.

**2.5 കുല്ലിയ്യ ഓഫ് ലാൻഗ്വേജസ്**

2.5.1 അറബി ഭാഷയിലെ ഉത്തരാധുനിക സാഹിത്യകാരൻമാരെക്കൂടി പരിചയപ്പെടുത്തുക.

2.5.2 ഭാഷാ പഠനം കൂടുതൽ മികച്ചതാക്കാനുള്ള മാർഗങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക.

## 3. *സിപെറ്റ് കോഴ്സുകൾക്ക് അംഗീകാരം നൽകൽ*

3.1 മലേഷ്യയിലെ മദ്രസ അൽഇർശാദിയ്യ, സിപെറ്റുമായി ധാരണാപത്രം നൽകണമെന്ന് അപേക്ഷ നൽകിയിരുന്നു. സിപെറ്റിന് മറ്റു സ്ഥാപനങ്ങളുമായി ധാരണാപത്രം നൽകുന്ന പതിവും, അതിനുള്ള അധി

കാരവുമില്ല എന്ന് യോഗം വിലയിരുത്തി. എന്നാൽ, സിപെറ്റിന്റെ സ്റ്റഡി സെന്ററായി പ്രസ്തുത സ്ഥാപന ത്തെ അംഗീകരിക്കാവുന്നതാണെന്ന് ധാരണയായി.

3.2 യൂണിവേഴ്സിറ്റി ഡിഗ്രി ചെയ്യാനായി മഹ്ദിയ്യാ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർഥിനി കൾക്ക് മഹ്ദിയ്യ കോഴ്സിന്റെ 4,5 വർഷങ്ങൾ പഠിക്കാനുള്ള അവസരം നൽകണമെന്നാവശ്യപ്പെട്ട് വന്ന അപേക്ഷ ചർച്ച ചെയ്തു. ഓഫ്ലൈൻ-ഓൺലൈൻ ബ്ലെൻഡ് ചെയ്തും നല്ല സ്റ്റഡി മെറ്റീരിയലുകൾ നൽകിയും അവർക്ക് കോഴ്സ് പൂർത്തിയാക്കാനുള്ള അവസരം നൽകണമെന്ന് ഡോ. ബശീർ പനങ്ങാ ങ്ങര ആവശ്യപ്പെട്ടു. ഒരു വർഷം കൊണ്ടു പൂർത്തിയാക്കാനുള്ള അവസരം നൽകാമെന്ന് നൗഫൽ ഹുദ വി അഭിപ്രായപ്പെട്ടു. വർഷത്തിന്റെ എണ്ണത്തിൽ നിർബന്ധം പിടിക്കേണ്ടതില്ലെന്ന് ഡോ. ബശീർ പന ങ്ങാങ്ങര, ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ എന്നിവർ നിർദേശിച്ചു.

അനുയോജ്യമായ തീരുമാനം കാണാൻ സിപെറ്റ് അധികൃതരെ ചുമതലപ്പെടുത്തി.

3.3 മഹ്ദിയ്യ കോഴ്സിന്റെ രണ്ട്, മൂന്ന് വർഷങ്ങളിലേക്ക് നേരിട്ട് പ്രവേശനം നൽകുന്നതിന്റെ സാധുത പരിശോധിക്കാനും, വേണ്ട നിർദേശങ്ങൾ സമർപ്പിക്കാനും സിപെറ്റിനോട് ആവശ്യപ്പെട്ടു.

3.4 വഖ്ഫ് മാനേജ്മെന്റ്, ഇസ്‌ലാമിക് ഫൈനാൻസ്, ഇസ്‌ലാമിക് കൗൺസലിംഗ് തുടങ്ങിയ കാലിക പ്രാധാന്യമുള്ള ഏരിയകളിൽ സിപെറ്റിനോട് കോഴ്സുകൾ ഡിസൈൻ ചെയ്യാൻ യോഗം ആവശ്യപ്പെട്ടു. ദാറുൽഹുദാ ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ടവ അവരുടെ നേതൃത്വത്തിലും അല്ലാത്തവ സിപെറ്റ് നേരിട്ടും നടത്തുക.

## 4. എക്സ്റ്റേണൽ ഡിഗ്രി

എക്സ്റ്റേണൽ ഡിഗ്രിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏറക്കുറെ പരിഹരിക്കപ്പെട്ടെന്നും നിലവിൽ ശ്രീ നാരായണ ഗുരു ഓപൺ യൂണിവേഴ്സിറ്റിയിൽ മാത്രം നൽകപ്പെടുന്ന കോഴ്സുകൾ കൂടി കാലിക്കറ്റ് യൂ ണിവേഴ്സിറ്റിയിൽ ചെയ്യാൻ അനുമതി ലഭിക്കാനിടയുണ്ടെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു.

## 5. ട്രാൻസ്ഫറുമായി ബന്ധപ്പെട്ട കാര്യങ്ങൾ

### 5.1 മറ്റു ഡിപ്പാർട്ടുമെന്റുകളിലേക്കുള്ള ട്രാൻസ്ഫർ

ഡിപ്പാർട്ട്മെന്റിനുള്ളിൽ മാത്രമേ ട്രാൻസ്ഫർ അനുവദിക്കാവൂ എന്ന് യോഗം തീരുമാനിച്ചു. മറ്റു ഡിപ്പാർ ട്ട്മെന്റുകളിലേക്ക് ഒരു കാരണവശാലും ട്രാൻസ്ഫർ അനുവദിക്കേണ്ടതില്ല.

നിലവിൽ ട്രാൻസ്ഫർ നൽകിയ തലശ്ശേരി ദാറുസ്സലാം വിദ്യാർഥി ഒന്നുകിൽ അടുത്ത വർഷം തളിപ്പറ മ്പ് ദാറുൽഫലാഹിലെ അഖീദ ആന്റ് ഫിലോസഫി ഡിപ്പാർട്ട്മെന്റിലെ മൂന്നാം സെമസ്റ്ററിൽ ചേരുക യോ അല്ലെങ്കിൽ ഡിപ്പാർട്ട്മെന്റ് ഇല്ലാത്ത വിദ്യാർഥികളുടെ സംവിധാനത്തിൽ ദാറുസ്സലാമിൽതന്നെ തു ടരുകയോ വേണമെന്ന് യോഗം നിർദേശിച്ചു.

### 5.2 ഡിപ്പാർട്ട്മെന്റ് ഇല്ലാത്തവരുടെ ട്രാൻസ്ഫർ

ഡിപ്പാർട്ട്മെന്റ് ഇല്ലാത്ത വിദ്യാർഥികൾ പരാജയപ്പെട്ടോ മറ്റോ ഡിപ്പാർട്ട്മെന്റ് ഉള്ള ക്ലാസുകളിലേക്ക് എ ത്തുന്ന പക്ഷം, തങ്ങളുടെ സ്ഥാപനത്തിൽ അനുവദിച്ചിട്ടുള്ള ഡിപ്പാർട്ട്മെന്റുകളിൽ പ്രവേശനം നേടു കയും അവിടെയുള്ള പേപ്പറുകൾ പഠിക്കുകയും ചെയ്യുക. ഇവരുടെ സർട്ടിഫിക്കറ്റും മാർക്ക്ലിസ്റ്റും ഡി പ്പാർട്ട്മെൻറ് സംവിധാനത്തിന് മുമ്പുള്ള വിദ്യാർഥികളുടേതായിരിക്കും.

വിശദമായ ചർച്ചകൾക്ക് ശേഷം വൈകീട്ട് 4.15ന് യോഗം സമാപിച്ചു.

**Approved by:**

Prof. Dr. Bahauddeen Muhammed Nadwi
(Vice Chancellor)

DARUL HUDA ISLAMIC UNIVERSITY
KERALA, INDIA
676 306
CHEMMAD, MALAPPURAM